"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണം വകുപ്പ് - മലപ്പുറം ജില്ല - പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ഗ്രാമപഞ്ചായത്തുകളുടെയും മുൻസിപ്പാലിറ്റികളുടെയും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകിയ ഉത്തരവ് പുതുക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (എഫ്. എം.) വകുപ്പ്

സ.ഉ.(സാധാ) നം.1701/2022/LSGD തീയതി,തിരുവനന്തപുരം, 18-07-2022

---

പരാമർശം:-
1. 22/02/2018 തീയതിയിലെ സ.ഉ.(സാധാ)നം.518/2018/തസ്വഭവ നമ്പർ സർക്കാർ ഉത്തരവ്.
2. പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം ചെയർമാന്റെ 21/05/2022 തീയതിയിലെ കത്ത്.

<u>ഉത്തരവ്</u>

മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥിതി ചെയ്യുന്ന പുലിക്കോട്ടിൽ ഹൈദർ - സ്മാരക കലാ പഠനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

എന്നാൽ രണ്ട് പ്രളയവും തുടർന്നുണ്ടായ കോവിഡ് മഹാമാരിയും കാരണം സാമ്പത്തിക പ്രതിസന്ധിയിലായിരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ധനസഹായം സ്വരൂപിക്കാൻ കഴിഞ്ഞിരുന്നില്ല. ആയതിനാൽ പരാമർശം (1) ഉത്തരവ് റീവാലിഡേറ്റ് ചെയ്ത് സാമ്പത്തിക സഹായം അനുവദിക്കണമെന്ന് പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം ചെയർമാൻ പരാമർശം(2) പ്രകാരം സർക്കാരിനോടഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ വണ്ടൂരിൽ സ്ഥിതി ചെയ്യുന്ന പുലിക്കോട്ടിൽ ഹൈദർ - സ്മാരക കലാ പഠനകേന്ദ്രത്തിന്റെ കെട്ടിട നിർമ്മാണത്തിന് ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 10,000/- (പതിനായിരം) രൂപ വീതവും മുനിസിപ്പാലിറ്റികളിൽ നിന്ന് 20,000/- (ഇരുപതിനായിരം) രൂപ വീതവും പരാമർശം (1) ഉത്തരവ് പ്രകാരം തുക അനുവദിച്ചിട്ടില്ലാത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്നും കമ്മിറ്റി തീരുമാന പ്രകാരം സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രഞ്ജൻ രാജ് ആർ പി

സ.ഉ.(സാധാ) നം.1701/2022/LSGD

ഡെപ്യൂട്ടിസെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം.
ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം മുഖേന)
ബന്ധപ്പെട്ട മുനിസിപ്പാലിറ്റികൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ചെയർമാൻ, പുലിക്കോട്ടിൽ ഹൈദർ സ്മാരക കലാ പഠനകേന്ദ്രം, വണ്ടൂർ പി.ഒ, മലപ്പുറം ജില്ല.
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Shemim Khan S H
Date: 18-07-2022 16:32:51
സെക്ഷൻ ഓഫീസർ

പകർപ്പ്:-

ബഹു. മുഖ്യമന്ത്രിയുടെ പി.എ. യ്ക്ക്
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എ. യ്ക്ക്